## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3659 — 15.07.2015 ൽ മറുപടിയ്ക്ക്

### പിന്നാക്ക വിഭാഗ കോർപ്പറേഷനിലെ നിയമനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. എ. വാഹിദ് | | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷനിൽ ജീവനക്കാരുടെ പ്രൊമോഷൻ, നിയമനം എന്നിവ സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; ഏതെല്ലാം തസ്തികകൾക്ക് ആണ് സ്പെഷ്യൽ റൂൾസ് ബാധകമെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്. 05/09/2014-ലെ സ. ഉ. (എം. എസ്) നമ്പർ 22/2014/പിസവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ തസ്തികകളുടെ പരിഷ്കരണവും, പുനർനാമകരണവും ഉൾപ്പെടുത്തി പുതിയ സ്പെഷ്യൽ റൂൾ പരിഷ്കരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കോർപ്പറേഷനിലെ എല്ലാ തസ്തികകൾക്കും സ്പെഷ്യൽ റൂൾ ബാധകമാണ്. |
| ബി) | ഡ്രൈവർ പ്യൂൺ വാച്ച്മാൻ എന്നീ തസ്തികകളിൽ നിലവിലുണ്ടായിരുന്ന ഏതെല്ലാം ജീവനക്കാർക്കാണ് ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ നല്കിയിട്ടുള്ളത്; ഈ പ്രൊമോഷന്റെ മാനദണ്ഡങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ? | ബി) | കെ. എസ്. ബി. സി. ഡി. സി.-യിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അന്ന് നിലവിലുണ്ടായിരുന്ന സ്പെഷ്യൽ റൂൾസ് പ്രകാരം പ്രൊമോഷൻ സാധ്യത ഇല്ലായെന്നും, ഒഴിവുള്ള ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് അവർക്ക് പ്രൊമോഷൻ നല്കണമെന്നും അപേക്ഷിച്ചുകൊണ്ട് ശ്രീ. രവീന്ദ്രൻ (പ്യൂൺ) ബഹു. ഹൈക്കോടതിയിൽ WP(C) 18184/05 ഫയൽ ചെയ്യുകയും, അതിന്മേൽ 08.07.2005-ലെ വിധിയിൽ ഒഴിവുള്ള ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ ടി ജീവനക്കാർക്കും താൽക്കാലിക പ്രൊമോഷൻ നൽകുന്ന വിഷയം പരിഗണിക്കണമെന്നും ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. അതിൻപ്രകാരം 23.02.2006-ലെ 84-ാമത് ഡയറക്ടർ ബോർഡ് യോഗ തീരുമാനപ്രകാരം നിലവിലുണ്ടായിരുന്ന |

| | | | |
|---|---|---|---|
| | | | 14 ജൂനിയർ പ്രൊജക്ട് അസിസ്റ്റന്റ്മാരുടെ ഒഴിവുകളിൽ 50% ഒഴിവുകൾ പ്രീ-ഡിഗ്രി/+2 പാസ്സായ പ്യൂൺമാർക്ക് അന്ന് നിലവിലുള്ള സ്പെഷ്യൽ റൂൾസിന്റെ ഭേദഗതിയ്ക്ക് വിധേയമായി താൽക്കാലിക പ്രൊമോഷൻ നല്കാൻ തീരുമാനിക്കുകയും അതിൻ പ്രകാരം താഴെപ്പറയുന്ന 6 പ്യൂൺമാർക്ക് ജൂനിയർ പ്രോജക്ട് അസിസ്റ്റന്റായി 24.06.2006-ലെ E1/2243/2005/KSBCDC നമ്പർ നടപടിക്രമം പ്രകാരം താൽക്കാലിക പ്രൊമോഷൻ നൽകിയിരുന്നു.<br>1. സിന്ധു. പി.<br>2. നന്ദകുമാർ കെ. എസ്.<br>3. രവീന്ദ്രൻ കെ.<br>4. അനീസ് ബാബു (കോർപ്പറേഷൻ സർവ്വീസിൽ നിന്നും രാജി വച്ചു)<br>5. മോഹനൻ എൻ. എം.<br>6. സോജൻ പി. എസ്.<br>തുടർന്ന് 08.08.2007-ലെ ഡയറക്ടർ ബോർഡ് യോഗ തീരുമാന പ്രകാരം 22.08.2007-ലെ E1/2243/2005/KSBCDC നമ്പർ ഉത്തരവ് പ്രകാരം പ്രീ-ഡിഗ്രി പാസ്സായ ശ്രീ. സെബാസ്റ്റ്യൻ, വാച്ചമാൻ, ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ് ആയി താൽക്കാലിക പ്രൊമോഷൻ നല്കി. 14.10.2009-ലെ 117-ാമത് ഡയറക്ടർ ബോർഡ് യോഗ തീരുമാന പ്രകാരം പ്രീ-ഡിഗ്രി/+2 പാസ്സായ കമ്പ്യൂട്ടർ സയൻസിൽ സർട്ടിഫിക്കറ്റുള്ള ഡ്രൈവർ, പ്യൂൺ തസ്തികയിലുള്ള മൂന്ന് പേർക്ക് ജൂനിയർ പ്രോജക്ട് അസിസ്റ്റന്റായി താൽക്കാലിക പ്രൊമോഷൻ നല്കുവാൻ തീരുമാനിച്ചു. അതിൻ പ്രകാരം 28.10.20009-ലെ 2462/E1/09/KSBCDC നമ്പർ നടപടിക്രമം പ്രകാരം താഴെപ്പറയുന്ന പ്യൂൺ/ ഡ്രൈവർ തസ്തികയിലുള്ള 3 പേർക്ക് ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ് ആയി താൽക്കാലിക പ്രൊമോഷൻ നല്കിയിരുന്നു.<br>1. പ്രഭാകരൻ നായർ<br>2. നിസാം എ.<br>3. രാജേഷ് കുമാർ കെ. പി.<br>മേൽ പ്രമോഷനുകൾ എല്ലാം അന്ന് നിലവിലുണ്ടായിരുന്ന സ്പെഷ്യൽ റൂൾസിന് വിധേ |

| | | | |
|---|---|---|---|
| | | | യമായിട്ടാണ് നല്കിയിട്ടുള്ളത്. 11.03.2015-ലെ സ. ഉ. (എം. എസ്.) നമ്പർ. 07/2015/പി. സ. വി. വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോർപ്പറേഷനിൽ ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക നിയമനം/ പ്രൊമോഷൻ നല്കിയവർക്ക് താൽക്കാലിക നിയമനം നല്കിയ തീയതി മുതൽ പ്രാബല്യം നല്കി പ്രൊമോഷൻ റഗുലറൈസ് ചെയ്ത് പ്രൊബേഷൻ ഡിക്ലെയർ ചെയ്യുന്നതിന് ഉത്തരവായിരുന്നു. കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 10.04.2015-ലെ 2462/ഇ 1/2009/കെ. എസ്. ബി. സി. ഡി. സി. നമ്പർ നടപടിക്രമം പ്രകാരം കോർപ്പറേഷനിൽ ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ്മാരായി താൽക്കാലിക പ്രൊമോഷൻ/നിയമനം നല്കിയവർക്ക് താൽക്കാലിക പ്രൊമോഷൻ/ നിയമനം നല്കിയ തീയതി മുതൽ പ്രൊമോഷൻ റഗുലറൈസ് ചെയ്ത് ഉത്തരവായിട്ടുണ്ട്. |

Vijay

**സെക്ഷൻ ഓഫീസർ**